# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**4857**

26/06/2019-ൽ മറുപടിയ്ക്ക്

## ആത്മഹത്യക്ക് ശ്രമിച്ച വിദ്യാർത്ഥിനിയുടെ തുടർ പഠനത്തിന് സ്വീകരിച്ച നടപടികൾ

**ചോദ്യം**

ശ്രീ.പി.ടി.തോമസ്
ശ്രീ.വി.എസ്.ശിവകുമാർ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.കെ.എസ്.ശബരീനാഥൻ

**മറുപടി**

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥി സംഘടന നേതാക്കളുടെ മാനസിക പീഢനത്തിൽ മനം നൊന്ത് കോളേജിൽ വച്ച് ആത്മഹത്യക്ക് ശ്രമിച്ച വിദ്യാർത്ഥിനിയുടെ തുടർ പഠനത്തിന് കോളേജ് മാറ്റം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏത് കോളേജിലേക്കാണ് മാറ്റം അനുവദിച്ചത്; | (എ) | ഈ വിദ്യാർത്ഥിനിക്ക് അവരുടെ ആവശ്യപ്രകാരം തുടർ പഠനത്തിന് മാറ്റം അനുവദിച്ചിട്ടുണ്ട്. വർക്കല എസ്.എൻ കോളേജിലേക്കാണ് മാറ്റം അനുവദിച്ചിട്ടുള്ളത്. |
| (ബി) | പുതിയ കോളേജിലും പ്രസ്തുത വിദ്യാർത്ഥി സംഘടന ഭാരവാഹികൾ വിദ്യാർത്ഥിനിക്കെതിരെ പ്രതികാര നടപടികൾ സ്വീകരിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി കൈക്കൊള്ളുമോ? | (ബി) | കോളേജുകളിൽ കുട്ടികളുടെ അച്ചടക്കവും, പെരുമാറ്റവും നിയന്ത്രിക്കുന്നതിനും മറ്റുമായി discipline committee, Anti Ragging Committee എന്നിവ രൂപീകരിക്കുകയും ഒരദ്ധ്യാപകനെ വീതം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പെൺകുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനുമായി കോളേജ് തലത്തിൽ Womens Cell ഉം പ്രവർത്തിക്കുന്നു. പ്രസ്തുത കോളേജിൽ ടി വിദ്യാർത്ഥിനിയുടെ പഠനത്തിന് തടസ്സമുണ്ടാകുമെന്ന് സർക്കാർ കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ